**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5233** **23.05.2017 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതിയും തെങ്ങുകൾ മുറിച്ചു മാറ്റുന്ന കർഷകർക്ക് ധനസഹായവും**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കേരഗ്രാമം പദ്ധതി സംസ്ഥാനത്തെ എത്ര ഗ്രാമങ്ങളിൽ നടത്തുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | എ) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുന്ന കൃഷി പരിപാലന പ്രവർത്തനങ്ങളും മറ്റ് സൗകര്യങ്ങൾക്കുമുള്ള സഹായങ്ങൾ നൽകുവാനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാം തന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൽഫേറ്റ്, ജൈവ വളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62..50 ലക്ഷം രൂപയും, കർഷകർക്ക് തെങ്ങ് കയറ്റ യന്ത്രങ്ങൾ 2,000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് |

ഹെക്ടർ ഒന്നിന് 25,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും, ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് ഒന്നിന് 10,000/- രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിൽ 8 യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും, ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| സി) ഫലസമൃദ്ധിയില്ലാത്ത തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് പദ്ധതിയുണ്ടോ; | സി) രോഗ ബാധിതമായി ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈ പകരമായി നടുന്നതിനുള്ള ഘടകം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) തെങ്ങുകൾ മുറിച്ചു മാറ്റുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | ഡി) കേരഗ്രാമം പദ്ധതി പ്രദേശങ്ങളിലെ രോഗബാധിതമായി ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കർഷകർക്ക് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ ധനസഹായം നൽകുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഒരു ഹെക്ടറിൽ നിന്ന് പരമാവധി 15 തെങ്ങുകൾ എന്ന തോതിൽ 250 ഹെക്ടർ വീതമുള്ള ഒരു കേരഗ്രാമത്തിൽ നിന്നും പരമാവധി 3750 തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് ആനുകൂല്യമായി 18.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുറിച്ചു മാറ്റപ്പെടുന്ന തെങ്ങുകളുടെ 50% പകരമായി നടുന്നതിന് തൈയുടെ വിലയുടെ 50% (പരമാവധി 60 രൂപ) ധനസഹായം നൽകുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**